# Pallikoodam Times

**'ജനിക്കുംതൊട്ടെൻ മകനിംഗ്ലീഷ് പഠിക്കണം,**

**അതിനാൽ ഭാര്യതൻ പേറങ്ങിംഗ്ലണ്ടിൽ തന്നെയാക്കി ഞാൻ'**

കുഞ്ഞുണ്ണി മാഷിൻറെ ഈ കുഞ്ഞുവരികളിലെ പരിഹാസം നാം തിരിച്ചറിയണം. വിദേശരാജ്യങ്ങളിൽ താമസിക്കുന്ന നമ്മൾ മലയാളികൾ ഇക്കാര്യത്തിൽ കുറച്ചു കൂടുതൽ ശ്രദ്ധിക്കുന്നത് നല്ലതാണ്. ഇല്ലെങ്കിൽ ഇത് അനർത്ഥം ആകും.

മികച്ച ജോലി അവസരങ്ങൾക്കും ജീവിത സൗകര്യങ്ങൾക്കും വേണ്ടി കടൽ കടന്നുവന്ന നമ്മൾക്ക് ഒരു സാംസ്കാരിക വിച്ഛേദനം അനുഭവപ്പെടാം. പക്ഷേ അടുത്ത തലമുറ അവരുടെ ഉറവിടം അറിഞ്ഞിരിക്കണം. ഭാഷ അതിനൊരു പ്രധാന ഉപാധിയാണ്. അതുകൊണ്ടുതന്നെ മാതൃഭാഷ അഭ്യസിക്കണം, മാതൃഭാഷയിൽ വിദ്യാഭ്യാസം ചെയ്യണം.

**'അമ്മ മമ്മിയായന്നേ മരിച്ചു മലയാളം'**

ഇപ്പറഞ്ഞ കുഞ്ഞുണ്ണി ചൊല്ല് ഒരു പക്ഷെ വിദേശരാജ്യത്ത് ജനിച്ചു വളരുന്ന കുട്ടികൾക്കും മാതാപിതാക്കൾക്കും ഒരു കളിയാക്കലായി തോന്നാം. പക്ഷെ ബഹുഭാഷാവാദം നിറഞ്ഞു നിൽക്കുന്ന ഈ കാലഘട്ടത്തിൽ ഭാഷാസംരക്ഷണവും ഔപചാരിക വിദ്യാഭ്യാസവും വളരെ അനിവാര്യമാണ്.

**'ആറുമലയാളിക്ക് നൂറു മലയാളം'**

എന്ന മറ്റൊരു കുഞ്ഞുണ്ണിച്ചൊല്ല് തന്നെ ആകട്ടെ നമ്മൾ വിദേശ മലയാളികളുടെ മന്ത്രവാക്യം. മാതൃഭാഷ ഒരു ആശയവിനിമയ രീതി മാത്രമല്ല, അതൊരു മനസിന്റെ വികാരം കൂടിയാണ്.

സ്വന്തം ലേഖകൻ

*Sreehari Nambiar*
*Editor*
Pallikoodam Times

Established in 2018, Accredited with Department of Education, NSW.
Member of NSW Federation of Community Language Schools.
Website: https://pallikoodamnsw.org.au/

YouTube

Pallikoodam NSW [redacted]

***What's Inside***

Announcements
വേലുവിന്റെ - ചെടിനടൽ.
അന്താരാഷ്ട്ര - മാതൃഭാഷാ ദിനം.
Kaleidoscope.
കുഞ്ഞുണ്ണി സൂക്തങ്ങൾ.
നിങ്ങൾക്കറിയാമോ?

**Editorial Team**
Sreehari Nambiar
Dr. Ali Parappil
Suhara Faisal
Dr. Rafeena Kidavintavida
Mohammed Hashim
Mohsin Aboobacker

Copyrights @ Pallikoodam

# Announcements

## Awards & Recognitions



**Fathiha Abdurahiman**

Award for Excellence in Student Achievement 2021 Minister's Awards for Community Languages by NSWFCLS



**Shahzain Kolothum Thodika**


Special Commendation award at the NSWFCLS Gala dinner 2021 Arts Competition category A

പള്ളിക്കൂടത്തിന്റെ വെബ്സൈറ്റ് പ്രവർത്തനം ആരംഭിച്ചു എന്ന വിവരം സന്തോഷപൂർവം അറിയിച്ചുകൊള്ളുന്നു.

https://pallikoodamnsw.org.au/

പള്ളിക്കൂടത്തിന്റെ യുട്യൂബ് ചാനൽ പ്രവർത്തിക്കാൻ തുടങ്ങിയിരിക്കുന്നു. സബ്സ്ക്രൈബ് ചെയ്യുവാനും ലൈക് ബട്ടൺ അമർത്തുവാനും ഓർമിക്കുക.

YouTube link




---

## Upcoming events

### Book release

Date: Saturday 19th March 2022

Time: 12pm - 3pm

Venue: 44 Macquarie Rd, Auburn Centre For Community

Event followed by sausage sizzle lunch

### School Picnic

Details TBC

---

### Creative kids Voucher

The NSW Government is helping kids get creative with the new Creative Kids program. Parents, guardians and carers can apply for a voucher with a value of up to $100 per calendar year for each student aged 4.5 to 18 years old enrolled in school. The voucher may be used with a registered activity provider for registration, participation and tuition costs for creative arts, speech, drama, dance, digital design, coding, and music lessons and activities. The voucher can be used at any time during the calendar year it was issued. To use the voucher, give the details to your registered activity provider. The program runs year-round, so kids can get creative at any time. (Extracted from the website).For more info and applying for the creative kids voucher,
https://www.service.nsw.gov.au/transaction/apply-creative-kids-voucher

Copyrights @ Pallikoodam

## വേലുവിന്റെ ചെടി നടൽ

വേലായുധൻ എന്ന വേലു ഒരു വലിയ പോലീസ് ഓഫീസറുടെ വീട്ടിലാണു ജോലിക്കു നിൽക്കുന്നത്.

വേലുവിന്റെ യജമാനൻ ഒരു ദിവസം പറഞ്ഞു, "വേലൂ, നമുക്ക് ഒരു തുളസി നടണം. നീ കുളിക്കണം."

"അഴുക്കു പോകാൻ ചെടി നട്ടുകഴിഞ്ഞിട്ട് കുളിച്ചാൽ പോരെ യേമാനേ?" വേലു സംശയം ചോദിച്ചു.

"കുളിക്കാതെ എങ്ങനെ തുളസി നടും?" എന്നു പറഞ്ഞ് ഓഫീസറേമാൻ വേലുവിനെ തെല്ലു ദേഷ്യത്തോടെ നോക്കി.

വേലു വേഗം പോയി കുളിച്ചിട്ടു വന്നു. വടക്കേന്ത്യക്കാരനായ യജമാനന്റെ നാട്ടിലെ ആചാരമായിരിക്കും തുളസിച്ചെടി നടുന്നതിനു മുന്നെയുള്ള കുളി എന്ന് വേലു മനസ്സിൽ കരുതി.

"താൻ കുളി കുളിച്ചോ?"

"കുളിച്ചു യേമാനേ!" നനഞ്ഞിരിക്കുന്ന മുടിയിൽ ചെറുതായി കൈകൊണ്ട് തലോടി വേലു പറഞ്ഞു.

"എന്നിട്ട് കുളി കാണുന്നില്ലല്ലോ?"

കുളി കാണുന്നില്ലേ. ഇതെന്താ ഈ യജമാനൻ പറയുന്നത് എന്നാലോചിച്ച വേലുവിനു പെട്ടന്നാണു കാര്യം പിടികിട്ടിയത്. തന്റെ ഓഫീസറേമാൻ മലയാളം പഠിച്ചെങ്കിലും 'ഴ' പറയാൻ പഠിച്ചിട്ടില്ല. ചെടി നടാൻ കുഴിയെടുക്കുന്ന കാര്യമാണു വെറുതെ തന്നെക്കൊണ്ട് കുളിപ്പിച്ചത്!

ഈ കഥ പറഞ്ഞത് 'ഴ' എന്ന അക്ഷരത്തെപ്പറ്റി രണ്ടുവാക്ക് പറയാനാണ്. മറ്റ് പല ഭാഷകളിലും ഇല്ലാത്ത അക്ഷരമാണു മലയളത്തിന്റെ സ്വന്തം 'ഴ'. ഴ-യുള്ള ഒരു വാക്കെങ്കിലും ചൊല്ലാതെ മലയാളിക്കു ഏറെനേരം സംവദിക്കാൻ പ്രയാസമാണ്. പഴം, മഴ, മഴു, മൊഴി, കുഴി, വാഴ, വഴി, അഴക്, അഴുക്ക്, തഴുകി, കുഴൽ, കഴുത, കഴിഞ്ഞു, കുഴഞ്ഞു, വഴുതി, പഴയത്, വഴുതനങ്ങ, പഴുതാര, തുടങ്ങി ഴ-യുള്ള പദങ്ങളുടെ ഒരു സാഗരം തന്നെയുണ്ട് മലയാള ഭാഷയിൽ. പോരാത്തതിനു മഴയത്തു വഴിലെ കുഴിയിൽ വഴുതിക്കുഴഞ്ഞുവീണുവെന്നും, വഴിയരികിലെ വാഴയിലൊരു വാഴപ്പഴക്കുലയെന്നും മറ്റുമുള്ള നാവുകുഴക്കുന്ന പദപ്രയോഗങ്ങളും ധാരാളം.

ഇതൊക്കെയാണെങ്കിലും ഴ-യിൽ ആരംഭിക്കുന്ന ഒരു വാക്കുപോലും നിഘണ്ടുവിലില്ല എന്നതും മലയാളത്തിന്റെ ഒരു പ്രത്യേകത തന്നെ!

ഇനി പള്ളിക്കൂടത്തിലെ കുട്ടികളോടൊരു ചോദ്യം. ഈ ലേഖനത്തിൽ 'ഴ' എന്ന അക്ഷരം എത്ര തവണ വന്നിട്ടുണ്ടെന്ന് പറയാമോ?

എ. എസ്. എം. സജീവ്

Copyrights @ Pallikoodam

## അന്താരാഷ്ട്ര മാതൃഭാഷാ ദിനം

ഫെബ്രുവരി 21 അന്താരാഷ്ട്ര മാതൃഭാഷാ ദിനം ആയി നാം ആചരിച്ചു പോരുകയാണല്ലോ. "ടെക്നോളജി ബഹുഭാഷാ പഠനത്തിനുപയോഗിക്കുമ്പോൾ: വെല്ലുവിളികളും സാധ്യതകളും" എന്നതാണ് ഈ വർഷത്തെ യുണൈറ്റഡ് നേഷൻ പ്രതിപാദ്യം.

1999 ഫെബ്രുവരി 21 മുതൽക്കാണ് യുണൈറ്റഡ് നേഷൻ അന്താരാഷ്ട്ര മാതൃഭാഷാ ദിനം ആചരിച്ചു വരുന്നത്. 1971-ൽ പാകിസ്ഥാനിൽ നിന്ന് സ്വാതന്ത്ര്യം നേടാനുള്ള പോരാട്ടത്തിന്റെ ബീജാവാപമായ കലാപത്തിന് കാരണം സ്വന്തം ഭാഷയ്ക്കും സംസ്കാരത്തിനും വേണ്ടിയുള്ള പോരാട്ടമായിരുന്നു. ഒരുപക്ഷെ ചരിത്രത്തിലാദ്യമായി ഭാഷയ്ക്കുവേണ്ടിയുള്ള പോരാട്ടം! ബംഗ്ലാ ഭാഷയ്ക്കും രാഷ്ട്രഭാഷാപദവി വേണം എന്നു പറഞ്ഞു തുടങ്ങിയ സമരത്തിൽ ആയിരങ്ങളായിരുന്നു മരിച്ചു വീണത്. പിന്നീടത് സ്വാതന്ത്ര്യ സമരത്തിയിലേയ്ക്കതു മാറി. ബംഗ്ലാദേശികളുടെ നിരന്തര പരിശ്രമത്തിന്റെ ഫലമാണ് അന്താരാഷ്ട്ര മാതൃഭാഷാ ദിനം. നമ്മുടെ സിഡ്നിയിൽ ഈ ദിവസത്തിനൊരു സ്മാരകമുണ്ട്; ആഷ്ഫീൽഡ് പാർക്കിൽ; അതിന്റെ ചിത്രമാണ് ചുവടെ കൊടുത്തിരിക്കുന്നത്.




ലോകജനതയ്ക്കു അവരുടെ ജീവരക്തമാണ് മാതൃഭാഷ. ഭാഷയിലാണ് ഒരു സംസ്കാരം വേരൂന്നിയിരിക്കുന്നത്. ഒരോ ജനതയ്ക്കും ഒരു മാതൃഭാഷയും സംസ്കാരവുമുണ്ട്. ഭാഷയിലൂടെ പുറകോട്ടു സഞ്ചരിച്ചാൽ അതിന്റെ മൂലഭാഷയിലെത്തും. മൂലഭാഷയിലൂടെ പുറകോട്ടു പോയാൽ ഒരൊറ്റ ഭാഷയിലെത്തും. അതിനു മുൻപ് മനുഷ്യർക്കെല്ലാവർക്കും ഉണ്ടായിരുന്നത് ആംഗ്യഭാഷയായിരുന്നു.

Copyrights @ Pallikoodam

ഭാഷയ്ക്കും വളരെ സാവധാനത്തിൽ പരിണാമം സംഭവിക്കുന്നുണ്ട്; വ്യാകരണത്തിൽ, ലിപികളിൽ, അർത്ഥങ്ങളിൽ. അധികാരത്തിന്റെ സ്വാധീനം ഭാഷകളിലും ഉണ്ടായിട്ടുണ്ട്. പണ്ട് ചില മലയാളവാക്കുകൾക്കുണ്ടായിരുന്ന അർത്ഥമല്ല ഇന്നുള്ളത്. പഴയ വാക്കുകളും അർഥങ്ങളും നമുക്ക് രേഖകളിൽ നിന്ന് കണ്ടെടുക്കാം. പഴയകാലത്തെ ഒരു ഗ്രന്ഥം വായിക്കുമ്പോൾ അന്നത്തെ കാലത്തെ അർത്ഥങ്ങളായിരിക്കണം വാക്കുകൾക്ക് നൽകേണ്ടത്. ഇതാണ് ഭാഷയുടെ വളർച്ച!

ഭാഷയിലൂന്നിയാണ് മനുഷ്യകുലം വികസിച്ചത്. ഭാഷയെയും സംസ്കാരത്തെയും തനിമയോടെ നിലനിർത്താനും സമ്പുഷ്ടമാക്കാനുമാണ് നമ്മൾ ശ്രമിക്കേണ്ടത്. "മൾട്ടി കൾച്ചറൽ മൾട്ടി ലിംഗയുസ്റ്റിക് സൊസൈറ്റി" എന്ന ആശയം ഇതിനെ അടിസ്ഥാനമാക്കിയാണ് രൂപീകരിക്കപ്പെട്ടത്.

എല്ലാവരും മലയാളം പഠിക്കുക. കുട്ടികളെ മലയാളം എഴുതാനും വായിക്കാനും പഠിപ്പിക്കുക. കുട്ടികൾക്ക് ഭാഷ വളരെ വേഗം വഴങ്ങും. കഴിയുമെങ്കിൽ കുട്ടികളെ മൂന്നു ഭാഷ പഠിപ്പിക്കുക. കുട്ടികളായിരിക്കുമ്പോഴേ അത് നടക്കൂ.

**മുഹമ്മത് ഫൈസൽ കക്കാട്ട്**

Copyrights @ Pallikoodam

# Kaleidoscope

**Annual day 2021**







Copyrights @ Pallikoodam





Copyrights @ Pallikoodam

## NSW Federation of Community Language Schools Gala dinner & Award ceremony 2021













Copyrights @ Pallikoodam

## Fun corner

**കുഞ്ഞുണ്ണി സൂക്തങ്ങൾ**:

- കർമം നന്നാക്കിടുന്നോനെ നന്നാക്കും കർമവും ക്രമാൽ.
- നാവിനെല്ലില്ലാത്തവർക്കു നട്ടെല്ലും കഷ്ടിയായിടും.
- നല്ലൊരുച്ചീത്ത പറഞ്ഞു രസിക്കലും കള്ളുകുടിക്കലും തുല്യം.
- ഭോജ്യം കട്ടാൽ മോഷ്ടാവ് രാജ്യം കട്ടാൽ രാജാവ്.
- വിശപ്പടക്കുവാൻ നടക്കുന്നു നിസ്വൻ വിശക്കുവാനല്ലോ നടപ്പൂ സമ്പന്നൻ.
- ഒന്നിച്ചാൽ സുഖം കിട്ടും ഭിന്നിച്ചാൽ ദുഃഖം കിട്ടും.
- ഔഷധങ്ങളിൽ വച്ചിട്ടൗഷധം സന്തോഷം താൻ.
- ഊട്ടിയുണ്ണുന്ന താണൂണ്.
- വിഡ്ഢികൾ നന്നായ് സദ്യ നടത്തും നല്ല സമർഥരതുണ്ണും നന്നായ്.
- തന്നെ മറക്കതിനിക്കു സുഖം തന്നെ നില്ക്ക തനിക്ക സുഖം.
- ഉണ്ടാൽ ഉണ്ട പോലിരിക്കണം; ഉണ്ടാൽ ഉണ്ട പോലിരിക്കരുത്!
- കമ്പം വിട്ടൂ, തുമ്പം വിടും.
- ഹായി ഠായി മിഠായി, തിന്നുമ്പോഴെന്തിഷ്ടായി, തിന്നു കഴിഞ്ഞൂ കഷ്ടായി.
- പിശുക്കനും പന്നിയുമൊപ്പമല്ലോ ജീവിച്ചിരിക്കേഗ്ഗുണമാർക്കുമില്ല.
- വേണ്ടാത്തതില്ലെന്നതില്ലായ്മയല്ല.
- ആത്മാർഥതയില്ലാത്തവനത്യല്പനശക്തൻ.
- സൽക്കർമിക്കില്ല ദുർഗതി.
- കലപില കൂട്ടും പത്രങ്ങൾ, കലഹിക്കില്ലാ കുസുമങ്ങൾ.

Copyrights @ Pallikoodam

## നിങ്ങൾക്കറിയാമോ - അതിയാരത്ത് കുഞ്ഞുണ്ണിനായർ

മലയാളത്തിലെ ആധുനിക കവികളിലൊരാളാണ് കുഞ്ഞുണ്ണിമാഷ് എന്നറിയപ്പെടുന്ന അതിയാരത്ത് കുഞ്ഞുണ്ണിനായർ (10/10/1927–26/03/2006). മലയാള കവിതയിൽ വ്യതിരിക്തമായൊരു ശൈലി അവതരിപ്പിച്ച കവിയാണു കുഞ്ഞുണ്ണി. ഹ്രസ്വവും ചടുലവുമായ കവിതകളിലൂടെയാണ്, ഈ കവി ശ്രദ്ധേയനാകുന്നത്. ദാർശനികമായ ചായ്‌വു പ്രകടമാക്കുന്നവയാണ്, ഇദ്ദേഹത്തിന്റെ കവിതകൾ. ഉപഹാസപരതയും ആത്മവിമർശനവും ചേർന്ന കവിതകൾ, മുതിർന്നവരെയും കുട്ടികളെയും ഒന്നുപോലെയാകർഷിച്ചു.

ബാലസാഹിത്യം അദ്ദേഹത്തിന്റെ പ്രിയപ്പെട്ട പ്രവർത്തനരംഗവുമായിരുന്നു. വലപ്പാടുള്ള അതിയാരത്തുവീട്ടിൽ കുട്ടികൾ മാഷെത്തേടിയെത്തുക പതിവായിരുന്നു. കുട്ടികളുമായി സല്ലപിക്കുകയും അവരുടെ സംശയങ്ങൾക്കു മറുപടി നല്കുകയും ചെയ്യുന്ന ഒരപ്പൂപ്പനായി വാർദ്ധക്യകാലത്ത് അദ്ദേഹം കഴിഞ്ഞു.

കുഞ്ഞുണ്ണി മാഷ് ഏറ്റവുമധികംകാലം പംക്തിയെഴുത്തു നടത്തിയത് 'മലർവാടി' എന്ന കുട്ടികളുടെ മാസികയിലായിരുന്നു. 1981 ജനുവരി മാസം മുതൽ അദ്ദേഹം മലർവാടിയിൽ 'കുഞ്ഞുണ്ണിമാഷും കുട്ട്യോളും' എന്ന പംക്തിയെഴുതിത്തുടങ്ങി; 1998 ജനുവരി വരെ; നീണ്ട 17 വർഷക്കാലം ആ പംക്തി തുടർന്നു.

### കുഞ്ഞുണ്ണിമാഷിന്റെ പുസ്തകങ്ങൾ

| | |
|---|---|
| ഊണുതൊട്ടുറക്കംവരെ | പതിനഞ്ചും പതിനഞ്ചും. |
| പഴമൊഴിപ്പത്തായം | അക്ഷരത്തെറ്റ് |
| കുഞ്ഞുണ്ണിയുടെ കവിതകൾ | നോൺസെൻസ് കവിതകൾ |
| വിത്തും മുത്തും | മുത്തുമണി |
| കുട്ടിപ്പെൻസിൽ | ചക്കരപ്പാവ |
| നമ്പൂതിരി ഫലിതങ്ങൾ | കുഞ്ഞുണ്ണി രാമായണം |
| രാഷ്ട്രീയം | കദളിപ്പഴം |
| കുട്ടികൾ പാടുന്നു | നടത്തം |
| ഉണ്ടനും ഉണ്ടിയും | കലികാലം |
| കുട്ടിക്കവിതകൾ | ചെറിയ കുട്ടിക്കവിതകൾ |
| കളിക്കോപ്പ് | എന്നിലൂടെ (ആത്മകഥ) |
| പഴഞ്ചൊല്ലുകൾ | |

*കടപ്പാട് - വിക്കിപ്പീഡിയ*

Kindly give us your valuable feedback. It would help us to improve. We also invite article for the future newsletters.
Please write to pallikoodam.madhurammalayalam@gmail.com

Copyrights @ Pallikoodam